**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ, കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം**

**ഹാജർ :- ഡോ. കെ. വാസുകി , ഐ.എ.എസ്.**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനകാര്യം - കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ 2020 വർഷത്തെ പൊതുസ്ഥലമാറ്റം-കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ

2. 11.6.20- ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 516/20/Agri

3. 5.11.2019 - ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri

4. 17.6.20- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ (2) 45900/19

5 24.07.2020 - ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സ്

6. 30.7.20- ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്.എ (2) 45900/19

**ഉത്തരവ് നമ്പർ എസ്.ഇ (3 ) 6953/20 തീയതി 3.8.2020.**

പരാമർശം 1 , 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2020 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം 4 പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ ജീവനക്കാരുടെയും / മൃഗ സംരക്ഷണം പോലുള്ള വകുപ്പുകളിൽ സേവനമനുഷ്ഠിക്കുന്ന കൃഷി വകുപ്പിലെ ജീവനക്കാരുടെയും 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. കൂടാതെ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ശേഷം online അപേക്ഷയുടെ ഹാർഡ് കോപ്പിയും , ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അതാത് DDO -മാർ മുഖാന്തിരം ഈ ഓഫീസിലേക്ക് 4. 7. 2020 തീയതിക്ക് മുമ്പായി സമർപ്പിക്കുന്നതിനും നിർദേശിച്ചിരുന്നു. 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവരെ ഉൾപ്പെടുത്തുന്നതിനായി ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടുന്ന , പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട വിദഗ്ധ കമ്മിറ്റി 24.7.2020 തീയതി 3 മണിക്ക് യോഗം ചേരുകയുണ്ടായി. പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ടുള്ള G.O(P) No 3/2017 dated 25.2.2017 എന്ന സർക്കാർ ഉത്തരവിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന അനുകമ്പാർഹമായ സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ (അന്നുവരെ ലഭിച്ചത് ) കമ്മിറ്റി നിർദിഷ്ട രേഖകളുമായി ഒത്തുനോക്കി വിശദമായി പരിശോധിക്കുകയും, അർഹതയുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ട അപേക്ഷയിലെ ജീവനക്കാർക്ക് അനുകമ്പാർഹ പരിഗണന നൽകി സ്ഥലമാറ്റം

നൽകുന്നതിന് പരാമർശ 5 കത്ത് പ്രകാരം കമ്മിറ്റി തീരുമാനിക്കുകയും, ആയത് അംഗീകരിച്ച് പരാമർശ 6 പ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ് . ആയതിന്റെ അടിസ്ഥാനത്തിൽ 13.7.2020 – വരെ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകളും , അനുകമ്പാർഹ പരിഗണനയ്ക്ക് അർഹമാണെന്ന് കമ്മിറ്റി തീരുമാനിച്ച അപേക്ഷകളും SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത് ലഭിച്ച 2020 – പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in – ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ / DDO മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും / ഒഴിവില്ലാത്ത ഓഫീസുകളിൽ സ്ഥലമാറ്റം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ **agrigeneraltransfer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ "പൊതുസ്ഥലമാറ്റം 2020 കരട് ലിസ്റ്റിലെ അപാകത " എന്ന വിഷയം രേഖപ്പെടുത്തി, **9.8.2020 തീയതി വൈകുന്നേരം 5 – മണിക്ക്** മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ / ആക്ഷേപങ്ങൾ **9.8.2020 തീയതി** വരെ agrigeneraltransfer@gmail.com എന്ന ഇ-മെയിലിൽ മാത്രം "പൊതുസ്ഥലംമാറ്റം 2020 കരട് ലിസ്റ്റ്, തസ്തിക പരാതി / ആക്ഷേപം എന്ന വിഷയം രേഖപ്പെടുത്തി " സമർപ്പിക്കാവുന്നതാണ് . ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല . നിലവിലത്തെ COVID – 19 പ്രത്യേക സാഹചര്യത്തിൽ പരാതികൾ / ആക്ഷേപങ്ങൾ എന്നിവയുടെ ഹാർഡ് കോപ്പി ( Hard copy) കൃഷി ഡയറക്ടറേറ്റിൽ സ്വീകരിക്കുന്നതല്ല.

Sd/-

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
പകർപ്പ് :- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)
ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി
കൃഷി ഡെപ്യൂട്ടി ഡയറക്ടർ കം സീനിയർ കെമിസ്റ്റ്
പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി , പാറോട്ടുകോണം , തിരുവനന്തപുരം
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫോർമേഷൻ ഓഫീസർ
തിരുവനന്തപുരം / കോഴിക്കോട്
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ജെഴ്സി ഫാം, വിതുര , തിരുവനന്തപുരം
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ജെഴ്സി ഫാം, ചെറ്റച്ചൽ , തിരുവനന്തപുരം
കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഡി.എൽ .എസ്.എഫ് , കുടപ്പനക്കുന്ന്, തിരുവനന്തപുരം
PRO – കേരളമൊട്ടാകെ പ്രധാനപ്പെട്ട എല്ലാ ദിനപത്രങ്ങളുടെയും എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിനായി

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33